# 28th ASEAN Regional Forum Ministerial Meeting

August 06, 2021

## 28 മത് ആസിയാൻ പ്രാദേശിക ഫോറം മന്ത്രിതല സമ്മേളനം

ഓഗസ്റ്റ് 06, 2021

2021 ഓഗസ്റ്റ് 06 ന് വിർച്വൽ രീതിയിൽ നടന്ന 28 മത് ആസിയാൻ പ്രാദേശിക ഫോറം(ARF) വിദേശകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൽ വിദേശകാര്യ സഹമന്ത്രി ഡോ. രാജ്കുമാർ രഞ്ജൻ സിംഗ് ഇന്ത്യൻ വിഭാഗത്തെ നയിച്ചു.

ബ്രൂണൈ ദാറുസ്സലാമിന്‍റെ അധ്യക്ഷതയിലാണ് സമ്മേളനം നടന്നത്. അന്താരാഷ്ട്ര, പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ചും ARF- ന്‍റെ ഭാവി ദിശയെക്കുറിച്ചും ARF അംഗരാജ്യങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ച്ചു. ഇൻഡോ-പസഫിക് പ്രവിശ്യ, തീവ്രവാദ ഭീഷണി, സമുദ്ര മേഖലയിൽ UNCLOS- ന്‍റെ പ്രാധാന്യം, സൈബർ സുരക്ഷ എന്നിവയെക്കുറിച്ചുള്ള ഇന്ത്യയുടെ കാഴ്ചപ്പാടുകൾ ഡോ. സിംഗ് അവതരിപ്പിച്ചു.

യുവത്വം, സമാധാനം, സുരക്ഷാ (YPS) അജണ്ട പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംയുക്ത പ്രസ്താവന ARF മന്ത്രിമാർ ഏറ്റെടുത്തു.

ARF പ്രവർത്തനങ്ങളിലും സമുദ്ര സുരക്ഷ ; തീവ്രവാദ പ്രതിരോധം; വിവരവിനിമയ സാങ്കേതിക വിദ്യകൾ (ICT); ദുരന്തനിവാരണം മുതലായവ സംബന്ധിച്ചുള്ള സംരംഭങ്ങളിലും ഇന്ത്യ സജീവമായി പങ്കെടുക്കുന്നു. 2021 ൽ യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി ലോ ഓഫ് സീ (UNCLOS) നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വർക്ക്ഷോപ്പിൽ ഇന്ത്യ സഹ അധ്യക്ഷ സ്ഥാനം വഹിച്ചിരുന്നു. 2021-22 കാലഘട്ടത്തിൽ, ഇന്ത്യ സമുദ്ര സുരക്ഷയെക്കുറിച്ചുള്ള ARF ഇന്‍റർ സെഷനൽ മീറ്റിംഗിൽ സഹ-അധ്യക്ഷത വഹിക്കുകയും ഇന്‍റർനാഷണൽ ഷിപ്പ് ആൻഡ് പോർട്ട് ഫെസിലിറ്റി സെക്യൂരിറ്റി കോഡ് (ISPS കോഡ്) എന്ന വിഷയത്തിൽ ഒരു വർക്ക് ഷോപ്പ് നടത്തുകയും ചെയ്യുന്നതാണ്.

ന്യൂ ഡൽഹി
ഓഗസ്റ്റ് 06, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.